**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.836 10.06.2019 -ലെ മറുപടിക്ക്**

**<u>പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിന് ഒരു കോടി രൂപ അടങ്കലുള്ള പദ്ധതിയിൽ ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും മണ്ണാറത്തറ, ചെറുമിക്കാട് എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>ചെങ്ങന്നൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടില്ല. |
| (ബി) | നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ള ഏജൻസികൾ ഏതെല്ലാമാണ്; പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ; | (ബി) | മേൽ പരാമർശിച്ചിട്ടുള്ള രണ്ട് കോളനികളുടെയും നിർമ്മാണ ചുമതല ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ് നൽകിയിട്ടുള്ളത്. ചെറുമിക്കാട് കോളനിയിലെ 70% പ്രവൃത്തികളും മണ്ണാറത്തറ കോളനിയിലെ 50% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കാത്ത ഏജൻസികളെ ഒഴിവാക്കി പരമാവധി വേഗത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | എം.എൽ.എ ശുപാർശ ചെയ്യുന്ന പക്ഷം വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കാത്ത ഏജൻസികളെ ഒഴിവാക്കി മറ്റ് അംഗീകൃത ഏജൻസികൾക്ക് പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ